LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് മോഡൽ ഐ.ടി.ഐ. വികസനം

75 [529] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോഡൽ ഐ.ടി.ഐ. ആയി പ്രഖ്യാപിക്കപ്പെട്ട കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

1997-ൽ സ്ഥാപിതമായ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. ഒരു മോഡൽ ഐ.ടി.ഐ. ആയി മാറ്റുന്നതിന്റെ ഭാഗമായി പുതിയതായി താഴെപ്പറയുന്ന മൂന്ന്, രണ്ടു വർഷ ട്രേഡുകളും 3 ഹ്രസ്വകാല ട്രേഡുകളും ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവയിൽ ഒരു ദീർഘകാല ട്രേഡ് ഒഴികെ എല്ലാം ആധുനിക ട്രേഡുകളാണ്.

	ട്രേഡ്	*യൂണിറ്റ്*	*ദൈർഘ്യം*
1.	മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ..	2	2 വർഷം
2.	മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്ക് ..	2	2 ,,
3.	മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ..	2	2 ,,

ഹ്രസ്വകാല കോഴ്സുകൾ

1.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ ..	2	6 മാസം
2.	ഡ്രൈവർ കം മെക്കാനിക്ക് ..	2	6 ,,
3.	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ..	2	6 ,,

എൻ. സി. വി. ടി. അംഗീകാരം

76 [530] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഐ.ടി.ഐ. സ്ഥാപനങ്ങൾ നിലവിലുണ്ട് എന്ന് പറയുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുള്ളത്;

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.-യുടെ അധീനതയിലുണ്ടായിരുന്ന സ്ഥലം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനായി കൈമാറിയിട്ടുണ്ടോ;